അപരാഹ്ന സമ്മേളനം

(സഭ വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

നിയമനിർമ്മാണകാര്യം—(തുടർച്ച)

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

VI (a) ക്രമപ്രശ്നം

ശ്രീ. എ. കെ. ബാലൻ: സർ, ഇന്ന് രാവിലെ അവതരിപ്പിച്ച കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലെ വാർഡുകളുടെ എണ്ണം കൂടുകയാണ്. പഞ്ചായത്തിന്റേത് വർദ്ധിച്ചപ്പോൾ മുനിസിപ്പാലിറ്റിയുടേതുമുണ്ട്. അതിലും സാമ്പത്തിക ബാധ്യതയുണ്ടാവുകയില്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. ധനകാര്യ മെമ്മോറാണ്ടത്തിൽ സാമ്പത്തിക ബാധ്യതയെ സംബന്ധിച്ച് പറയുന്നില്ല. അതുകൊണ്ട് ഈ ബിൽ മാറ്റിവയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

(b) റൂളിംഗ്

മി. സ്പീക്കർ: ബില്ലിന്റെ അവതരണ ഘട്ടത്തിലാണ് ഇങ്ങനെയൊരു point of order വരേണ്ടത്. ഇപ്പോൾ ആ സ്റ്റേജെല്ലാം കഴിഞ്ഞ് ബിൽ പാസ്സാക്കാനുള്ള നടപടിക്രമത്തിലാണ്. അതുകൊണ്ട് ഈ സമയത്ത് അത്തരമൊരു ക്രമപ്രശ്നം ഉന്നയിക്കാൻ പറ്റില്ല. ഇത് അനുവദനീയമല്ല.

ശ്രീ. എ. കെ. ബാലൻ: ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് അത് സബ്ജക്ട് കമ്മിറ്റിയിൽ നിന്ന് തിരികെ വരുമ്പോഴാണ് ഇതു പറയേണ്ടതെന്ന് രാവിലെ പറഞ്ഞതാണ്. Introduction stage-ലും consideration stage-ലും point of order കൊണ്ടുവരാം. ഇന്ന സ്റ്റേജിൽ മാത്രമേ കൊണ്ടുവരാൻ പാടുള്ളുവെന്നുള്ളത് ഒരിടത്തും പറഞ്ഞിട്ടില്ല. ഇതിൽ ധനകാര്യ മെമ്മോറാണ്ടം ഇല്ല. ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക liability ഉണ്ടെങ്കിൽ അത് സൂചിപ്പിക്കണമെന്നുള്ളതാണ്. പഞ്ചായത്ത് രാജ് ബില്ലിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ ഇതിലില്ല. അതുകൊണ്ടാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിനിസ്റ്റർക്ക് എന്തെങ്കിലും പറയാനുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, പ്രത്യേകിച്ച് ഒന്നും പറയാനില്ല. രാവിലെ പറഞ്ഞതുപോലെതന്നെ വളരെ ചെറിയൊരു ബില്ലാണ് ഇത്. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ മിനിമം 20 വാർഡും മാക്സിമം 50 വാർഡുമാണ്. അത് മിനിമം 22 വാർഡും മാക്സിമം 50 വാർഡും ആക്കണമെന്നുള്ളതാണ്. പിന്നെ കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം മിനിമം 50 വാർഡും മാക്സിമം 100 വാർഡുമാണ്. അത് മിനിമം 52 വാർഡ് ആക്കണമെന്നുള്ളതാണ്. രാവിലെ പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ചർച്ച ചെയ്തപ്പോൾ പറഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ അതിന്റെ നിയമപരമായ വശം സൂചിപ്പിച്ചുകഴിഞ്ഞാൽ സ്പെസിഫിക്കായ ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നോ അല്ലെങ്കിൽ സ്പീക്കറിൽ നിന്നോ കിട്ടണം. ധനകാര്യ മെമ്മോറാണ്ടം ഇതിൽ സൈലന്റാണ്. അതെന്തുകൊണ്ടാണെന്ന് ചോദിച്ചാൽ നിങ്ങൾ അന്നേരം പറഞ്ഞില്ല എന്നുള്ളതല്ല അതിന്റെ റിപ്ലൈ.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ സ്പീക്കർ പറഞ്ഞത് ഈ ഘട്ടത്തിലല്ല ചൂണ്ടിക്കാണിക്കേണ്ടത് എന്നാണ്. ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ ഇതിനകത്ത് പറയുന്നത് ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തെ സഞ്ചിത നിധിയിൽ നിന്ന് യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ലെന്നാണ്. ഇത് അധികച്ചെലവ് ഉണ്ടാക്കുമോ എന്ന കാര്യം നിയമസഭയിൽ പറയാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. ആ ഒരു പോയിന്റാണ് ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം വളരെ പ്രസക്തമാണ്. അതിൽ സ്റ്റേജ് ഏതെന്നുള്ളതാണ് ഇപ്പോൾ ചെയർ ഇവിടെ ചൂണ്ടിക്കാണിക്കുന്ന പ്രശ്നം. ബന്ധപ്പെട്ട മന്ത്രിയിൽ നിന്ന് ചെയർ ഒരു വിശദീകരണം വാങ്ങി തരണം. ഇതിൽ അധികച്ചെലവ് ഉണ്ടാകുമോ ഇല്ലയോ എന്നുള്ള കാര്യവും പറയണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങ് ഒരു ഉത്തരവു നൽകിയ സാഹചര്യത്തിൽ മറിച്ചൊന്നും എനിക്ക് പറയാനില്ല. പക്ഷേ ഇതിന്റെ വസ്തുത കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വരുന്ന ചെലവല്ല, ഇതിലെ ചെലവെല്ലാം മുനിസിപ്പാലിറ്റിയാണ് വഹിക്കുന്നത് എന്നതാണ് ഇതിന്റെ വിശദീകരണം. പക്ഷേ objection introduction stage-ൽ കൊടുക്കേണ്ടത് ആണെന്ന് സ്പീക്കർ ഇവിടെ പറഞ്ഞതാണ്. അതിനെപ്പറ്റി എനിക്കൊന്നും പറയാനില്ല.

മി. സ്പീക്കർ: ഏതായാലും ഇത് ഇവിടെ അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണകാര്യം—(തുടർച്ച)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പൊതു ജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ലാത്ത രീതിയിലാണ് നിലവിലുള്ള ഡീലിമിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റികളുടെ വാർഡ് വിഭജനത്തിനുവേണ്ടിയായാലും നിലവിലുള്ള കമ്മിറ്റിയുടെ ഘടന ജനാധിപത്യ രീതിയിലല്ല. തെരഞ്ഞെടുപ്പ് കമ്മീഷനും നാല് ഗവൺമെന്റ് സെക്രട്ടറിമാരും ഉൾക്കൊള്ളുന്നതാണ് പ്രസ്തുത കമ്മിറ്റി. വാർഡ് സെഗ്മന്റുകളുടെ പുനർനിർണ്ണയം ഭൂമിശാസ്ത്രപരമായ ഘടകങ്ങളെ മാത്രം ആശ്രയിച്ചുള്ളതായിരിക്കും. ഓരോ പ്രദേശത്തിലും താമസിക്കുന്ന ജനങ്ങൾക്ക് വോട്ടുചെയ്യാനുള്ള സൗകര്യം, ജനസംഖ്യ സംബന്ധിച്ച് ഏറ്റക്കുറച്ചിലുകളുടെ പരിഗണന ഇവ പാലിക്കുവാൻ ഭൂമിശാസ്ത്ര പരമായ പുനർനിർണ്ണയംകൊണ്ടുമാത്രം കഴിയില്ല. ഇത്തരം കാര്യങ്ങളിൽ പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ച് പ്രായോഗിക പരിജ്ഞാനമുള്ള ദൈനംദിനം ഇടപെട്ടുകൊണ്ടിരിക്കുന്ന ജനപ്രതിനിധികൾക്ക് കാര്യമായ സംഭാവന ചെയ്യാൻ കഴിയും; വാർഡ് നിർണ്ണയിക്കുന്നതിൽ വലിയ പങ്കുവഹിക്കാൻ കഴിയും എന്നതുകൊണ്ട് ഇത്തരം കമ്മിറ്റികളിൽ പൊതു പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ അഭിപ്രായം. രണ്ട്, വാർഡുകൾ തമ്മിൽ ജനസംഖ്യയുടെ കാര്യത്തിൽ ഐക്യരൂപ്യം പാലിക്കേണ്ടതാണ്. ഒപ്പംതന്നെ ഭൂമിശാസ്ത്രപരമായ ഘടകത്തിലും വലിയ ഏറ്റക്കുറച്ചിലുകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. മാത്രമല്ല, വികസന പ്രവർത്തനങ്ങൾക്ക് ജീവിതനിലവാരം ഒരു സുപ്രധാന ഘടകമായതിനാൽ അതും മാനദണ്ഡമായി കാണേണ്ടതാണ്. രാഷ്ട്രീയ മേൽക്കോയ്മയ്ക്കുവേണ്ടി വാർഡ് വിഭജിച്ചാൽ നിലവിലുള്ള സംവിധാനത്തിൽ യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള പഴുതുകൾ ഏറെയുണ്ടാക്കും. അതുകൊണ്ടുതന്നെ ജനപ്രതിനിധികളും വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ഈ കമ്മിറ്റിയിൽ ഉൾപ്പെട്ടിരിക്കണം. ദുഷ്പ്രവണത ഒഴിവാക്കാൻ അത് സഹായകരമാകും. വാർഡ് വിഭജനം അത്യന്താപേക്ഷിതമായി വരുന്ന സാഹചര്യത്തിൽ പൊതുജനാഭിപ്രായം തേടുന്നതിനുവേണ്ടി അത് കുറച്ചുകൂടി നീട്ടിവയ്ക്കണമെന്ന് ഞാൻ ഈ സഭയോട് ആവശ്യപ്പെടുകയാണ്. അസംബ്ലി മണ്ഡല കമ്മിറ്റികളുടെ പുനർനിർണ്ണയത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച മാതൃക ഇക്കാര്യത്തിലും അംഗീകരിക്കാവുന്നതാണ്. ആ ഡീലിമിറ്റേഷൻ കമ്മിറ്റിയിൽ ജുഡീഷ്യൽ പവർ ഉള്ള കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ പ്രതിനിധികളും സംസ്ഥാന ഇലക്ഷൻ കമ്മീഷനും എക്സ്-ഒഫിഷ്യോ അംഗങ്ങളായി എം.പി.മാരും എം.എൽ.എമാരും അടങ്ങുന്നതാണ്. എല്ലാവരുടേയും അഭിപ്രായങ്ങളും വാദഗതികളും കേട്ടതിനുശേഷം തെരഞ്ഞെടുപ്പു കമ്മീഷൻ അതിൽ അന്തിമ തീരുമാനമെടുക്കും. എന്തുകൊണ്ട് സംസ്ഥാനത്ത് നമുക്കത് അംഗീകരിച്ചുകൂടാ? സർക്കാർ അതിന് തയ്യാറാവുകയാണ് വേണ്ടത്. ഇവിടെ തെരഞ്ഞെടുപ്പ് കമ്മീഷനും നാല് ഗവൺമെന്റ് സെക്രട്ടറിമാരുമാണ് കമ്മിറ്റിയിലുള്ളത്. ഭരിക്കുന്ന ഗവൺമെന്റിന്റെ രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള കമ്മിറ്റിയായിട്ടായിരിക്കും ഇത് പ്രവർത്തിക്കുക. പക്ഷപാതപരമായി പ്രവർത്തിക്കുമെന്ന് ഉറപ്പുള്ള റിട്ടേണിംഗ് ഓഫീസർമാരെ നിയമിക്കാനും ജില്ലാ-ബ്ലോക്ക്- ഗ്രാമ പഞ്ചായത്തുകളിലെ പ്രതിനിധികളെ ഭരണപക്ഷത്തുനിന്നും എക്സ്-ഒഫിഷ്യോ

അംഗങ്ങളായി ഉൾപ്പെടുത്താനും തയ്യാറാകണം. അതുപോലെതന്നെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും വേണ്ടതാണ്. നിലവിലുള്ള അപ്പീൽ സംവിധാനം അപ്രായോഗികമാണ്. അപ്പീലുകളിൻമേൽ സമയബന്ധിതമായിത്തന്നെ തീരുമാന മുണ്ടാകണം. അപ്പീൽ ഡിസ്പോസ് ചെയ്തതിനുശേഷം മാത്രമേ തെരഞ്ഞെടുപ്പിലേക്ക് പോകാൻ കഴിയുകയുള്ളൂ. അത് സമയത്ത് തീർത്തില്ലെങ്കിൽ തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കേണ്ടിവരും. അങ്ങനെ തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കേണ്ടിവന്ന സാഹചര്യമുണ്ട്. അത് വളഞ്ഞ വഴിയിലൂടെ തെരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള അവസരമായിരിക്കും ഒരുക്കുക. ഇവിടെ സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടക്കുമോ എന്നുള്ള ആശങ്ക ഈ സഭയിൽ ഉയർന്നുവന്നതാണ്. തെരഞ്ഞെടുപ്പ് കൃത്യമായി നടത്തുന്നതിന് സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനനുസൃതമായി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകണം. ഇപ്പോൾ ജനങ്ങളെ ഭയപ്പെടുന്ന സർക്കാരാണുള്ളത്. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പിനെ ഭയപ്പെടുകയാണ്. ചില പഞ്ചായത്തു പ്രസിഡന്റുമാർ നേരിട്ട് തെരഞ്ഞെടുപ്പു വേണമെന്ന് ആവശ്യപ്പെടുമ്പോൾ അതു വേണ്ടെന്ന് വേറൊരാൾ ആവശ്യപ്പെടുകയാണ്. തെരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീകരിക്കുന്നതിന് കഴിയാത്ത അവസ്ഥയാണ് ഇവിടെയുള്ളത്. ലോകസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ എവിടെ നിൽക്കുന്നുവെന്ന് മനസ്സിലായപ്പോൾ ഈ തെരഞ്ഞെടുപ്പിൽ നിന്ന് ഒളിച്ചോടുന്നതിന് എടുത്ത ഒരു സമീപനത്തിന്റെ ഭാഗമായിട്ടുമാത്രമാണ് ഇതിനെ കാണാൻ കഴിയുന്നത്. അതുകൊണ്ട് നിലവിൽ ഞാൻ നിർദ്ദേശിച്ച രീതിയിൽ ഗവൺമെന്റ് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടുള്ള കമ്മിറ്റി രൂപീകരിക്കണം. നേരത്തേ സൂചിപ്പിച്ചതുപോലെ എല്ലാ ജനപ്രതിനിധികളെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്മിറ്റിയായിരിക്കണം ഉണ്ടാകേണ്ടത് എന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് രേഖപ്പെടുത്താനുള്ളത്.

ശ്രീ. കെ. മോഹൻ കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ മുനിസിപ്പാലിറ്റീസ് ആക്ടിൽ റദ്ദാക്കിയ 55-ാം വകുപ്പ് പുനഃസ്ഥാപിക്കാൻ കഴിയുമോ എന്ന് ആലോചിക്കണം. തലസ്ഥാന നഗരിയിൽ കഴിഞ്ഞ രണ്ടാഴ്ചയായി മെട്രോ നഗരത്തിനുവേണ്ടിയുള്ള മുറവിളി രാഷ്ട്രീയ പ്രേരിതമായിട്ടാണെങ്കിൽക്കൂടി മുഴങ്ങി കേൾക്കുകയാണ്. 1994-ൽ പാസ്സാക്കപ്പെട്ട നിയമത്തിൽ മെട്രോ നഗരമായി തലസ്ഥാനത്തെ പ്രഖ്യാപിക്കാനും അതിനാവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കാനുമുള്ള 55-ാം വകുപ്പാണ് തികച്ചും ജനവിരുദ്ധമായി നീക്കം ചെയ്യപ്പെട്ടത്. അന്ന് അങ്ങനെയൊരു മെട്രോ പോളിറ്റൻ സംവിധാനം സംസ്ഥാന ഗവൺമെന്റിന് ഏർപ്പെടുത്താൻ കഴിയുമായിരുന്നു. ആ അധികാരം വേണ്ടെന്നുവച്ചിട്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാലാവധി അവസാനിക്കാൻ, കേവലം ആറു മാസം മാത്രം അവശേഷിക്കുമ്പോൾ, സായാഹ്ന ധർണ്ണകളിൽക്കൂടിയും, മറ്റ് തരത്തിലുള്ള പ്രചരണ പരിപാടികളിൽക്കൂടിയും തങ്ങൾതന്നെ ഇല്ലാതാക്കിയ ആ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ ഗവൺമെന്റ് ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. പഴയ നിയമങ്ങൾ പുനഃസ്ഥാപിക്കാനുള്ള വിശാല മനഃസ്ഥിതി എതിർപക്ഷത്തുനിന്നു കൂടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പോളിംഗ് ബൂത്തുകളുടെ പുനഃക്രമീകരണത്തെക്കുറിച്ചു പറയുകയാണെങ്കിൽ, പോളിംഗ് ബൂത്തുകൾ പലപ്പോഴും വളരെ അസൗകര്യമുണ്ടാക്കുന്ന തരത്തിൽ നിൽക്കുന്നുവെന്നുള്ള യാഥാർത്ഥ്യം കൂടി കണക്കിലെടുത്ത്, പഴയകാല വാർഡ് വിഭജനങ്ങളിൽ രാഷ്ട്രീയ പക്ഷപാതങ്ങൾ വളരെ ശക്തമായി നിഴലിച്ചു എന്നുള്ള പരാതികൾ കോടതികൾ വരെ അംഗീകരിച്ച ഒരു പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ കുറച്ചുകൂടി യാഥാർത്ഥ്യബോധം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. രാവിലെ കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞതാണ്. ഈ കാര്യത്തിൽ സദുദ്ദേശം മാത്രമേയുള്ളൂ. ഒരു തെരഞ്ഞടുപ്പിനെ ഭയന്ന് ഒളിച്ചോടുന്ന സംഗതിയൊന്നും ഇതിലില്ല. യാതൊരു ദുരുദ്ദേശവുമില്ല. വാർഡിന്റെ എണ്ണത്തിൽ നാമമാത്രമായ വർദ്ധനവ് മാത്രമേ വരുന്നുള്ളൂ. ശ്രീ. കെ. മോഹൻകുമാർ ചൂണ്ടിക്കാണിച്ചത് 55-ാം വകുപ്പ് പുനഃസ്ഥാപിക്കുക, അതായത് മെട്രോ നഗരം എന്നുള്ള സ്റ്റാറ്റസിലേക്ക് ഉയർത്തുക എന്നുള്ളതാണ്. അത് നിയമത്തിന്റെ ഭാഗമായി വരേണ്ട സംഗതിയൊന്നുമല്ല. ഭരണപരമായ ഒരു നടത്തിപ്പ് എന്നുള്ള നിലയിൽ തീരുമാനിക്കപ്പെടേണ്ട ഒരു സംഗതി മാത്രമാണ്. അതുപോലെ പോളിംഗ് ബൂത്തിന്റെ പുനഃസ്ഥാപനത്തെക്കുറിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. അതും അഡ്മിനിസ്ട്രേറ്റീവ് സംഗതിയാണെന്നുള്ള രീതിയിൽ കൈകാര്യം ചെയ്യേണ്ടതാണ്. നിയമത്തിന്റെ ഭാഗമായി വരേണ്ട കാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പ്രസ്സ് ചെയ്യുന്നു.

മി.സ്പീക്കർ: ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. മോഹൻകുമാർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മോഹൻ കുമാർ: പ്രസ്സ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. കെ. മോഹൻകുമാർ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുത്തിരിക്കുന്നു.

2-ാം വകുപ്പ്

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ 87, 98, 120, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(87) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3) എ(i) -ൽ "ഇരുപതിനായിരത്തിൽ." എന്നതിന് പകരം "ഇരുപത്തിരണ്ടായിരത്തിൽ" എന്ന് ചേർക്കുക.

(98) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) എ (ii) –ൽ "ഇരുപതിനായിരം" എന്ന വാക്കിന് പകരം "ഇരുപത്തി രണ്ടായിരം" എന്ന് ചേർക്കുക.

(120) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) ബി (i) –ൽ "നാല് ലക്ഷത്തിൽ" എന്നതിനുപകരം "അഞ്ച് ലക്ഷത്തിൽ" എന്നാക്കുക.

(123) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) ബി (ii) –ൽ "നാല് ലക്ഷം" എന്നതിനുപകരം "അഞ്ച് ലക്ഷം" എന്നു ചേർക്കുക.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ 91,102,109,114,122,125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(91) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) എ (i)- ൽ "ഇരുപത്തിരണ്ടും" എന്നതിനുപകരം "ഇരുപത്തിഒന്ന്" എന്ന് ചേർക്കുക.

(102) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ) (ii)- ൽ "ഇരുപത്തിരണ്ടും" എന്നതിനുപകരം "ഇരുപത്തിഒന്നും" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(109) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ) (ii)- ൽ "രണ്ടായിരത്തി അഞ്ഞൂറ്" എന്നതിനുപകരം "രണ്ടായിരം" എന്ന് ചേർക്കുക.

(114) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ) (ii)- ൽ "അൻപത്തിരണ്ടും" എന്നതിനുപകരം "അൻപതും" എന്ന് ചേർക്കുക.

(122) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (ബി) (ii)- ൽ "നൂറ്" എന്നതിനുപകരം "എഴുപത്തിയഞ്ച്" എന്നു ചേർക്കുക.

(125) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (ബി) (ii)- ൽ "അൻപത്തിരണ്ടും" എന്നതിനുപകരം "അൻപത്" എന്നു ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ എന്റെ 100, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(100) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ) (ii)- ൽ "അൻപത്" എന്നതിനുപകരം "മുപ്പത്തിയഞ്ച്" എന്നും "ഇരുപത്തിരണ്ടും" എന്നതിനുപകരം "ഇരുപത്" എന്നും "രണ്ടായിരത്തി അഞ്ഞൂറ്" എന്നതിനുപകരം "അയ്യായിരം" എന്നും ചേർക്കുക.

(126) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (ബി) (ii)- ൽ "അൻപത്തിരണ്ടും" എന്നതിനുപകരം "അൻപത്" എന്നും "പതിനായിരം" എന്നതിനുപകരം "ഇരുപതിനായിരം" എന്നും ഭേദഗതി ചെയ്യുക.

ഞാൻ നേരത്തെ പറഞ്ഞതു തന്നെയാണ് ചർച്ചയിലും സൂചിപ്പിച്ചത്. ഞങ്ങൾ പറയുന്നതിൽ എന്തെങ്കിലും കാര്യങ്ങളുണ്ടോ എന്ന് ഗവൺമെന്റ് കൺസിഡർ ചെയ്യേണ്ടതാണ്. ഒന്ന് പരിശോധിക്കുകയെങ്കിലും വേണം. കാരണം നമ്പർ കൂട്ടുന്നതിനനുസരിച്ച് ബാധ്യതയും വർദ്ധിക്കുകയാണ്. ഇത്രയും വലിയൊരു സംഖ്യ വച്ച് കൗൺസിൽ കൂടുക, നിയമസഭയിൽപ്പോലും 140 അംഗങ്ങളാക്കിയത് എത്രയോ കാലത്തിനുശേഷമാണ്. ഒറ്റയടിക്ക് ഇത്രയും വലിയൊരു നമ്പർ കൂട്ടിക്കഴിഞ്ഞാൽ, ഫംഗ്ഷനിംഗിനെ അത് ബാധിക്കുന്നതാണ്. എന്തടിസ്ഥാനത്തിലാണ് ഇത് വർദ്ധിപ്പിച്ചതെന്ന് മനസ്സിലാകുന്നില്ല. ഇത് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്? ജനസംഖ്യയനുസരിച്ച് വാർഡിന്റെ സംഖ്യ കൂട്ടുക എന്നുള്ളതല്ലാതെ, വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പ്രാതിനിധ്യം ആ കൗൺസിലിൽ വരുമെന്നുള്ള ഒരു ധാരണ ശരിയല്ല. അതുകൊണ്ട് അത് വീണ്ടും കൺസിഡർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ എന്റെ 112, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(112) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (എ) (ii)- ൽ "ഓരോ രണ്ടായിരത്തി അഞ്ഞൂറ്" എന്നതിനുപകരം "ഓരോ മൂവായിരം" എന്ന് ചേർക്കുക.

(135) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (ബി) (ii)- ൽ "ഓരോ പതിനായിരം" എന്നതിനുപകരം "ഓരോ പന്ത്രണ്ടായിരം" എന്ന് ചേർക്കുക.

നിലവിലുള്ള നിയമപ്രകാരം മുനിസിപ്പാലിറ്റിയിൽ 20 മുതൽ 50 വരെയുള്ളത് 22 മുതൽ 50 വരെയാക്കുകയാണ്. അത് അശാസ്ത്രീയമാണ്. നിലവിൽ ഇരുപതിനായിരത്തിന് ഇരുപത് ആണ്. അതിനുപകരം 22 ആക്കേണ്ട ആവശ്യമെന്താണ്? ഒരു ആവശ്യത്തിനും മിനിമം വർദ്ധിപ്പിക്കേണ്ട കാര്യമില്ല. വർദ്ധിപ്പിക്കേണ്ടത് മാക്സിമത്തിലാണ്. എന്റെ ഭേദഗതി ഇരുപതിനായിരം കഴിഞ്ഞുള്ള രണ്ടായിരത്തി അഞ്ഞൂറിന് ഒന്ന് എന്നുള്ളതാണ്. യഥാർത്ഥത്തിൽ വാർഡ് മെമ്പർമാരെ ചേർക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ എന്റെ ഭേദഗതി മിനിമം മൂവായിരത്തിന് ഒന്ന് എന്നെങ്കിലും ആക്കണം. ഇരുപതിനായിരത്തിന് അപ്പുറം വരുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറിനും ഒന്ന് എന്നതിനുപകരം ഓരോ മൂവായിരത്തിനും ഒന്ന് എന്നുള്ളതാണ്. കോർപ്പറേഷനിൽ 50 മുതൽ 100 വരെയാണ്. അതാണ് എന്റെ 135-ാം നമ്പർ ഭേദഗതി. മിനിമം 50 എന്നുള്ളത് 52 ആക്കുന്നതിന്റെ കാര്യമാണ് എനിക്കു മനസ്സിലാകാത്തത്. നാലു ലക്ഷത്തിന് അൻപത് ആണ്. നാലു ലക്ഷത്തിന് അൻപത് എന്നുള്ളത് 52 ആക്കുന്നതിന്റെ കാരണമെന്താണ്? ജനസംഖ്യാ വർദ്ധനവിന നുസരിച്ചാണെങ്കിൽ മാക്സിമത്തിലല്ലേ വർദ്ധനവ് വരുത്തേണ്ടത്? നാലു ലക്ഷത്തിനപ്പുറമുള്ള പതിനായിരത്തിന് ഒന്ന് എന്നാണ് ഭേദഗതിയിലുള്ളത്. അത് മിനിമം പന്ത്രണ്ടായിരത്തിന് ഒന്ന് എന്നാക്കുകയാണ്. അനാവശ്യമായിട്ടുള്ള സാമ്പത്തിക ബാദ്ധ്യത എന്തിനാണ് ഗവൺമെന്റ് ഏറ്റെടുക്കുന്നത്? ഇതിന്റെ ഉദ്ദേശം എന്താണ്? ഇതിന്റെ ഉദ്ദേശമൊക്കെ ഡീലിമിറ്റേഷനുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ പറയാം. മിനിമത്തിനകത്തുള്ള വർദ്ധനവിന്റെ ആവശ്യമില്ല. ഇനി പതിനായിരത്തിന് ഒന്ന് എന്നുള്ളത് മിനിമം പന്ത്രണ്ടായിരത്തിന് ഒന്ന് എന്നാക്കിയാൽ നമുക്ക് ഇന്നുള്ളത് ഡീലിമിറ്റ് ചെയ്തുകൊണ്ടു വരാൻ പറ്റും. ഈ രണ്ട് ഭേദഗതികളും അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകില്ല. നല്ല വിശ്വാസത്തിലാണ് മന്ത്രി ഇത് കൈകാര്യം ചെയ്യുന്നതെങ്കിൽ ബുദ്ധിമുട്ടുണ്ടാവില്ല എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ എന്റെ 118, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(118) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (ബി) (i)- ൽ

(1) "നാല് ലക്ഷത്തിൽ കവിയാത്ത" എന്ന വാക്കുകൾക്കു പകരം "നാല് ലക്ഷത്തി അൻപതിനായിരത്തിൽ കവിയാത്ത" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(2) വകുപ്പ് 6(3) (ബി) (ii)- ൽ "നാല് ലക്ഷത്തിൽ കവിയുന്ന" എന്ന വാക്കുകൾക്കു പകരം "നാല് ലക്ഷത്തി അൻപതിനായിരത്തിൽ കവിയുന്ന" എന്ന വാക്കുകളും "ആദ്യത്തെ നാല് ലക്ഷം ജനസംഖ്യയ്ക്ക്" എന്നതിനുപകരം "ആദ്യത്തെ നാല് ലക്ഷത്തി അൻപതിനായിരം ജനസംഖ്യയ്ക്ക്" എന്ന വാക്കുകളും ചേർക്കുക.

(136) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6(3)-ൽ (i), (ii) ഇനങ്ങൾക്കുപകരം താഴെ പറയുന്നത് ചേർക്കുക.

"(i) ഇരുപത്തിരണ്ടായിരത്തിൽ കവിയാത്ത ജനസംഖ്യയ്ക്കുള്ള ടൗൺ പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്ത് ഇരുപതും,

(ii) ഇരുപത്തിരണ്ടായിരത്തിൽ കവിയുന്ന ജനസംഖ്യയുള്ള പഞ്ചായത്തിന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ പ്രദേശത്ത് പരമാവധി നാല്പത്തിയെട്ട് കൗൺസിലർമാർ എന്നതിനുവിധേയമായി ആദ്യത്തെ ഇരുപത്തിരണ്ടായിരം ജനസംഖ്യയ്ക്ക് ഇരുപതും ഇരുപത്തിരണ്ടായിരത്തിൽ കവിയുന്ന ഓരോ മുവായിരം ജനസംഖ്യയ്ക്കും ഓരോന്നു വീതവും" എന്ന വാക്കുകൾ ചേർക്കുക.

പഞ്ചായത്ത് രാജ് ബില്ലിനെക്കുറിച്ചു പറഞ്ഞ അതേ കാര്യങ്ങൾ തന്നെയാണ് ഇവിടെയും പ്രസക്തമായിട്ടുള്ളത്. രാവിലെ നമ്മൾ പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലാണ് ചർച്ച ചെയ്തത്. ഇപ്പോൾ ചർച്ച ചെയ്യുന്നത് മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലാണ്. കുറച്ചു കഴിഞ്ഞ് ചർച്ച ചെയ്യാൻ പോകുന്നത് പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലാണ്. മൊത്തം കൺഫ്യൂഷനാണ്. ഒന്നും പിടി കിട്ടുന്നില്ല. യഥാർത്ഥത്തിൽ ഇവിടെ ഭേദഗതിയുടെ വല്ല ആവശ്യവുമുണ്ടോ? തെരഞ്ഞെടുപ്പു നടത്താൻവേണ്ടി എന്തിനാണ് ഇങ്ങനെയൊരു ഭേദഗതി? മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും ചുരുങ്ങിയത് എന്നുള്ളത് മാറ്റണ്ട കാര്യമെന്താണ്? എണ്ണം കൂട്ടുക. എന്നിട്ട് എല്ലാ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും വാർഡുകൾ വിഭജിക്കുക. ഞാൻ രാവിലെ പറഞ്ഞതുപോലെ ഇലക്ഷനിൽ യു.ഡി.എഫ്.-ന് ജയിക്കാൻ വേണ്ട വിധത്തിൽ വാർഡുകൾ വിഭജനം നടത്തുകയാണ്. മന്ത്രി പറഞ്ഞത് ഞങ്ങൾ പാട്ടും പാടി ജയിക്കുമെന്നാണ്. ലോകസഭാ തെരഞ്ഞെടുപ്പിനുശേഷം ഇവിടെ മൂന്ന് ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്നു. ഒന്നാം ഘട്ടം 24 മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ 17 മണ്ഡലങ്ങളിൽ നിങ്ങൾ പാട്ടുംപാടി തോറ്റു. രണ്ടാം ഘട്ട തെരഞ്ഞെടുപ്പു നടന്നു 17 സീറ്റുകളിൽ, 11-ലും പാട്ടും പാടി തോറ്റു. മൂന്നാം ഘട്ട തെരഞ്ഞെടുപ്പു രണ്ടാഴ്ചയ്ക്കുമുമ്പ് നടന്നു, 20 സീറ്റുകളിൽ 12-ലും പാട്ടുംപാടി തോറ്റു. അഞ്ചെണ്ണത്തിൽ മാത്രമാണ് യു.ഡി.എഫ്. ജയിച്ചത്. കേരളത്തിലാകെ 61 ലോകസഭാമണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ 40 സീറ്റിൽ തോറ്റവരാണ് ഞങ്ങൾ പാട്ടും പാടി ജയിക്കുമെന്ന് പറയുന്നത്. ഈ ഉപതെരഞ്ഞെടുപ്പുകളിൽ തോറ്റപ്പോഴാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ തയ്യാറായത്. ഗവൺമെന്റ് ഈ ബിൽ ആറു മാസം മുമ്പേ കൊണ്ടുവരേണ്ടതായിരുന്നു. ഇവിടെ സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തണമെന്ന് അറിയാത്ത ഒരു മന്ത്രിസഭയാണോ കേരളം ഭരിക്കുന്നത്.? ഈ തെരഞ്ഞെടുപ്പുകളിലൊക്കെ തോൽക്കാൻ തുടങ്ങിയപ്പോൾ, ഇനിയുള്ള വിദ്യ എന്താണെന്നു വച്ചാൽ വാർഡ് വിഭജിക്കുക എന്നുള്ളതുമാത്രമാണ്. അതാണ് ഈ ഭേദഗതിയുടെ പിന്നിൽ പതിയിരിക്കുന്ന രഹസ്യം. രാവിലെ അവതരിപ്പിച്ച പഞ്ചായത്ത് രാജ് ബില്ലിൽ പറയുന്നു വാർഡുകൾ ഇങ്ങനെ വിഭജിക്കുമ്പോൾ വരുന്ന ചെലവ് 1,58,38,000 രൂപയെന്ന്. പഞ്ചായത്തുകളിൽ വാർഡുകൾ വിഭജിക്കുമ്പോൾ ഒന്നരക്കോടിയിലേറെ രൂപ ചെലവ് വരും. പക്ഷേ മുനിസിപ്പാലിറ്റിയിൽ ഇങ്ങനെ വിഭജിക്കുമ്പോൾ ഒരു പൈസയും ചെലവാകില്ല. നിങ്ങൾ കാര്യങ്ങൾ മറച്ചു വയ്ക്കുകയാണ്; ഈ ബില്ലിന് ഗവർണ്ണറുടെ അംഗീകാരം കിട്ടാൻ പോകുന്നില്ല. ഇതിനു മുമ്പ് പാസ്സാക്കിയ പല ബില്ലുകൾക്കും ഗവർണ്ണറുടെ അംഗീകാരം കിട്ടിയിട്ടില്ല. നിയമസഭ പാസ്സാക്കുന്ന ഇത്തരം നിയമനിർമ്മാണങ്ങൾ എല്ലാ കാര്യങ്ങളും പരിശോധിച്ചുകൊണ്ടുള്ളതല്ല. എല്ലാ കാര്യങ്ങളും പരിശോധിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ കഴിയാത്തതിന്റെ ഫലമായി ഗവർണ്ണറിൽനിന്നുപോലും അംഗീകാരം കിട്ടാൻ സാധിക്കാതെ പല ബില്ലുകളും തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ തിരിച്ചയയ്ക്കുന്ന സ്ഥിതി ഒഴിവാക്കത്തക്ക വിധത്തിൽ, ഗവൺമെന്റിനോട് എനിക്ക് പറയാനുള്ളത് ഈ ബിൽ നിങ്ങൾ പിൻവലിക്കണം എന്നാണ്. അങ്ങനെ സഞ്ചിതനിധിയിൽ നിന്ന് വരുന്ന ചെലവുകൾ കൂടി കണക്കാക്കി ഒരു പുതിയ ബില്ലുമായി നിയമസഭയെ സമീപിക്കണം. അതുകൊണ്ട് ഞാൻ ഈ നിർദ്ദേശങ്ങളെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(133) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 6 (3) (ബി) (ii)-ൽ "ഓരോ പതിനായിരം ജനസംഖ്യയ്ക്കും ഓരോന്നുവീതവും" എന്നതിനുപകരം "ഓരോ പതിനായിരം ജനസംഖ്യയ്ക്കുമോ അതിന്റെ ഭാഗത്തിനുമോ" എന്ന് ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ : സർ, പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു കാര്യം ഈ ബില്ലിന്റെ സദുദ്ദേശത്തെ ചോദ്യം ചെയ്യുന്ന രൂപത്തിലാണ്.

മി. സ്പീക്കർ : ഇതെന്താണ് ?

ശ്രീ. ടി. കെ. ദേവകുമാർ : എന്റെ 137-ാം നമ്പർ ഭേദഗതിയെക്കുറിച്ചാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ : 137-ാം നമ്പർ ഭേദഗതി 136-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. 136-ാം നമ്പർ ഭേദഗതി ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുമ്പ് ചെയ്തു. അങ്ങനെ സംസാരിക്കാൻ അനുവദിക്കുന്നത് എനിക്ക് ഇഷ്ടമാണ്. എന്നാൽ നിയമനിർമ്മാണത്തിൽ നടപടിക്രമം വിട്ടുപോയാൽ ബുദ്ധിമുട്ട് വരും.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഇവിടെ നേരത്തേ സംസാരിച്ച അതേ കാര്യങ്ങൾ തന്നെയാണ് ഉള്ളത്. ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 87, 98, 120, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 91, 102, 109, 114, 122, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 100, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 112, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 118, 136 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പ്രസ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—24

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. ബിനോയ് വിശ്വം
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. ടി. കെ. ദേവകുമാർ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. കെ. പി. മോഹനൻ
17. ശ്രീ. എ. സി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. സി. കെ. നാണു
19. ശ്രീ. കെ. രാധാകൃഷ്ണൻ
20. ശ്രീ. കെ. പി. രാജേന്ദ്രൻ
21. ശ്രീ. രാജു എബ്രഹാം
22. ശ്രീ. ടി. പി. രാമകൃഷ്ണൻ
23. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
24. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

പ്രതികൂലിക്കുന്നവർ—30

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എൻ. ഡി. അപ്പച്ചൻ
3. ശ്രീ. ഇ. എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. കെ. കെ. ബാവ
6. ശ്രീ. കെ. എ. ചന്ദ്രൻ
7. ശ്രീ. എം. എ. ചന്ദ്രശേഖരൻ
8. ശ്രീ. ജോർജ് ജെ. മാത്യു
9. ശ്രീ. ഉമ്മൻ ചാണ്ടി
10. ശ്രീ. വക്കം ബി. പുരുഷോത്തമൻ
11. ശ്രീ. പി. ജെ. ജോയി
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. ലൂഡി ലൂയിസ്
14. ശ്രീ. സി. മമ്മൂട്ടി
15. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
16. ശ്രീ. കെ. മോഹൻ കുമാർ
17. ശ്രീ. ആര്യാടൻ മുഹമ്മദ്
18. ശ്രീ. കെ. നാരായണക്കുറുപ്പ്
19. ശ്രീ. കെ. കെ. ഷാജു
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. യു. സി. രാമൻ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. ടി. പി. എം. സാഹിർ
24. ശ്രീ. എൻ. ശക്തൻ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. വി. ഡി. സതീശൻ
26. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
27. ശ്രീ. എ. സുജനപാൽ
28. പ്രൊഫ. കെ. വി. തോമസ്
29. ശ്രീ. ഉമേഷ് ചള്ളിയിൽ
30. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ — 24

പ്രതികൂലിക്കുന്നവർ — 30

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എ. കെ. ബാലൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(81) പീഠികയുടെ ആദ്യത്തെ ഖണ്ഡിക താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"സെൻസസ് റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ടൗൺ പഞ്ചായത്തുകളിലേയും മുനിസിപ്പൽ കൗൺസിലുകളിലേയും നിയോജകമണ്ഡലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ"

പീഠികയിൽ ഇതിന്റെ ഇന്റൻഷൻ വ്യക്തമാക്കുന്നത് നന്നായിരിക്കും. സെൻസസ് റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുള്ള ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ടൗൺ പഞ്ചായത്തുകളിലേയും മുനിസിപ്പൽ കൗൺസിലുകളിലേയും നിയോജകമണ്ഡലങ്ങളുടെ എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുന്നതിനുള്ളതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ എന്നുതുടങ്ങിയാൽ ഇന്റർഷൻ ക്ലിയറായി. എന്നിട്ട് പിഠിക പൂർത്തീകരിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(85) ഖണ്ഡം 1-ൽ ഉപഖണ്ഡം (2) താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"(2) ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ ഇഫക്ടീവാക്കിയാൽ മതിയെന്നാണ് എന്റെ ഭേദഗതി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമായി വിശദീകരിച്ച സാഹചര്യത്തിൽ ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ് എന്നാണ്. അതുമതി. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 81-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 85-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ധൃതിപിടിച്ച് ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നത് നല്ല ഉദ്ദേശത്തോടുകൂടിയല്ല. നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയ മര്യാദയോടുകൂടി നടത്തുന്നതിനുവേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയിട്ടുള്ളതല്ല. അംഗങ്ങൾക്കുള്ള ന്യായമായ അഭിപ്രായപ്രകടനം നിഷേധിച്ചുകൊണ്ട് ഒരു ഫാസിസ്റ്റ് മോഡലിൽ, നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ചെയറിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നുയെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. രണ്ട്, മുനിസിപ്പാലിറ്റികൾക്ക് ഒരു തത്വം. പഞ്ചായത്തിന് വേറൊരു തത്വം, ഇതെല്ലാം അംഗീകരിച്ചുകൊള്ളണമെന്നുള്ള വിശദീകരണമല്ലാതെ ഇതിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായ ഒരു വിശദീകരണം കാണുന്നില്ല. അപ്പോൾ നല്ല ഉദ്ദേശത്തോടുകൂടിയല്ലാതെ ഈ നിയമത്തിന്റെ വരവ് ജനാധിപത്യപരമായ അംഗങ്ങളുടെ അവകാശത്തെ ബോധപൂർവ്വം നിഷേധിക്കുന്നതിനുവേണ്ടിയുള്ള ഒന്നാണെന്നു കാണാം. അതുകൊണ്ട് ഇത് ശരിയായ സമീപനമല്ല, ജനാധിപത്യ വിരുദ്ധമാണ്. ഇക്കാര്യത്തിലുള്ള എന്റെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കൂടുതൽ പറഞ്ഞിട്ടും കാര്യമില്ല എന്നുള്ളതുകൊണ്ട് കൂടുതലൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

മി. സ്പീക്കർ : 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—31

1. ശ്രീ. സി. ടി. അഹമ്മദ് അലി
2. ശ്രീ. എൻ. ഡി. അപ്പച്ചൻ
3. ശ്രീ. ഇ. എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. കെ. കെ. ബാവ
6. ശ്രീ. കെ. എ. ചന്ദ്രൻ
7. ശ്രീ. എം. എ. ചന്ദ്രശേഖരൻ
8. ശ്രീ. ജോർജ് ജെ. മാത്യു
9. ശ്രീ. ഉമ്മൻ ചാണ്ടി
10. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
11. ശ്രീ. വക്കം ബി. പുരുഷോത്തമൻ
12. ശ്രീ. പി. ജെ. ജോയി
13. ശ്രീ. കെ. എൻ. കെ. ബാദർ
14. ശ്രീ. ലൂഡി ലൂയിസ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
17. ശ്രീ. കെ. മോഹൻ കുമാർ
18. ശ്രീ. ആര്യാടൻ മുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. കെ. നാരായണക്കുറുപ്പ്
20. ശ്രീ. കെ. കെ. ഷാജു
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. യു. സി. രാമൻ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. ടി. പി. എം. സാഹിർ
25. ശ്രീ. എൻ. ശക്തൻ
26. ശ്രീ. വി. ഡി. സതീശൻ
27. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
28. ശ്രീ. എ. സുജനപാൽ
29. പ്രൊഫ. കെ. വി. തോമസ്
30. ശ്രീ. ഉമേഷ് ചള്ളിയിൽ
31. ശ്രീ. കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ-- 24

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. ബിനോയ് വിശ്വം
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. ടി. കെ. ദേവകുമാർ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. വി. കെ. സി. മമ്മത് കോയ
16. ശ്രീ. കെ. പി. രാഹനൻ
17. ശ്രീ. എ. സി. മൊയ്തീൻ
18. ശ്രീ. സി. കെ. നാണു

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. കെ. രാധാകൃഷ്ണൻ
20. ശ്രീ. കെ. പി. രാജേന്ദ്രൻ
21. ശ്രീ. രാജു എബ്രഹാം
22. ശ്രീ. ടി. പി. രാമകൃഷ്ണൻ
23. ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ
24. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ .. 31

പ്രതികൂലിക്കുന്നവർ .. 24

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള കണ്ടിൻജൻസി ഫണ്ട് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയാണ്. സാധാരണഗതിയിൽ ചെറുതും നിരുപദ്രവകരവുമായ ഐക്കകൾന്റേതാ പാസാക്കണമെന്ന് തോന്നിയതാണ് ഇത് പക്ഷേ ഇതിലെ ചില വിശദാംശങ്ങൾ പരിശോധിച്ച് നോക്കിയപ്പോൾ ഇന്ന് ഈ ബിൽ പരിഗണനയ്ക്ക് വരുന്ന സമയത്ത് 12-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുകയാണ്. അതിൽ കുറച്ചു കാര്യങ്ങളൊക്കെ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. അതൊക്കെ പരിശോധിച്ചാലും വിവിധ സംസ്ഥാനങ്ങളിലെ കണ്ടിൻജൻസി ഫണ്ടിന്റെ കോർപ്പസ് പരിശോധിച്ചാലും 25 കോടി രൂപയായിരുന്നു. ഫണ്ടിന്റെ കോർപ്പസ് എന്തിനാണ് അത് നാലിരട്ടിയാക്കി വർദ്ധിപ്പിച്ചത്? അത് തന്നെയാണ് എന്റെ ഡിസന്റിനെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കഴിഞ്ഞ ദിവസം 25 എന്നത് 100 ആക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly